# വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവി

വക്കം മൗലവി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന വക്കം മുഹമ്മദ് അബ്ദുൾഖാദർ മൗലവിയെപ്പററി കേരളീയരിൽ അധികംപേരും അറിയുന്നത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ധീരമായ പത്രപ്രവർത്തനത്തിനു അദ്ദേഹത്തെ സഹായിച്ച ധനാഢ്യനായ ഒരു മുസ്ലിം പൊതുകാര്യപ്രസക്തൻ എന്ന നിലയിൽ മാത്രമാണ്. തീർച്ചയായും അതൊരു അനർഘമായ സേവനം തന്നെ. ഈ നൂററാണ്ടിൻെറ ആദ്യദശകത്തിൽ വക്കം പോലെയുള്ള ഒരു ഗ്രാമീണപ്രദേശത്ത് അന്നു ലഭ്യമായിട്ടുള്ളതിൽവെച്ചു ഏററവും പരിഷ്കൃതങ്ങളായിട്ടുള്ള യന്ത്രോപകരണങ്ങൾ വിദേശത്തു നിന്നു വരുത്തി. ഒരു പ്രസ്സുസ്ഥാപിക്കുകയും പത്രം തുടങ്ങുകയും ചെയ്ക, എന്നിട്ടു അതു നടത്തുന്നതിനായി പ്രാപ്തനെന്നുതനിക്കു ബോദ്ധ്യപ്പെട്ട ഒരു പത്രാധിപരെ കണ്ടുപിടിച്ചു അദ്ദേഹത്തിൻെറ സ്വതന്ത്രമായ അഭിപ്രായമനുസരിച്ചു നടത്താൻ വിട്ടുകൊടുക്കുക, ആ പ്രസ്സ് സർക്കാർ കണ്ടുകെട്ടിയപ്പോഴും യാതൊരു കുലുക്കവും കൂടാതെ അതു സ്വീകരിക്കുക— ഇതൊക്കെ ചെയ്യാൻ അസാമാന്യമായ ധീരതയും ഹൃദയവിശാലതയും ഉള്ള ഒരാൾക്കേ കഴിയൂ.

എന്നാൽ അബ്ദുറഹ്മാൻ മൗലവി സ്വന്തം നിലക്കുതന്നെ ഒരു ഉത്തമപത്രപ്രവർത്തകനും, എഴുത്തുകാരനും, പണ്ഡിതനും, സമുദായപരിഷ്കർത്താവും, രാജ്യസ്നേഹിയും ആയിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ഏറിയപങ്കും സ്വസമുദായോദ്ധാരണത്തെ ലക്ഷ്യമാക്കിയും സമുദായ മദ്ധ്യത്തിലുമായിരുന്നതിനാൽ അന്യസമുദയാംഗങ്ങൾ വേണ്ടപോലെ അതറിയുവാൻ ഇടവന്നിട്ടില്ല. കേരളത്തിന്റെ ഒരു ദൗർഭാഗ്യമാണിതെന്നു പറയാതെ തരമില്ല. ഓരോ സമുദായത്തിനകത്തും ഉണ്ടായിക്കൊണ്ടിരുന്ന ചലനങ്ങളും പരിവർത്തനങ്ങളും മററു സമുദായക്കാർ വേണ്ടപോലെ അറിഞ്ഞിരുന്നില്ല. ഇന്നും അറിയുന്നില്ല. അതുകൊണ്ടു രാജ്യത്തു ഉണ്ടാകേണ്ടവിധം പരസ്പരമൈത്രിയും ഒട്ടാകെവേണ്ട ദേശീയബോധവും ഇന്നും ഉണ്ടായിട്ടുണ്ടെന്നുപറഞ്ഞുകൂടാ.

ഈ സ്ഥിതികൊണ്ടു ഏററവുമധികം വ്യഥിതമായിട്ടുള്ളത് കേരളത്തിലെ മുസ്ലിം സമുദായമാണെന്നു പറഞ്ഞാൽ തെററില്ല. അവർ ഒരു ന്യൂനപക്ഷസമുദായമാണെന്നതിനു പുറമെ അടുത്തകാലംവരെയും സാമ്പത്തികമായും, സാംസ്കാരികമായും, സാമൂഹികമായും വളരെ പിന്നോക്കാവസ്ഥയിലുമായിരുന്നു. അവരുടെ പാരമ്പര്യങ്ങൾ, ആചാരമര്യാദകൾ, സാംസ്കാരിക സവിശേഷതകൾ, പ്രശ്നങ്ങൾ മുതലായതൊക്കെ അന്യസമുദായക്കാർ വേണ്ടത്ര മനസ്സിലാക്കിയിരുന്നില്ല. മുസ്ലിമിങ്ങളുടെ ഇന്നത്തെ നിലവെച്ചുനോക്കുമ്പോൾ ഈ നൂററാണ്ടിന്റെ ആദ്യകാലത്തു അവരുടെ സ്ഥിതി എന്തായിരുന്നു എന്നു നമുക്കു ഊഹിക്കാം. സമുദായാംഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം വളരെ വിരളമായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യുന്നതു 'ഹറാ'മാ

ണെന്നുപോലും ഒരു വലിയ വിഭാഗം വിശ്വസിച്ചിരുന്നു. "ആര്യ എഴുത്ത്" മുസ്ലിമിങ്ങൾക്കു നിഷിദ്ധമാണെന്നു കരുതി ശുദ്ധമായ മലയാളഭാഷ കൈകാര്യം ചെയ്യാനുള്ള വൈദഗ്ദ്ധ്യം സമ്പാദിക്കുന്നതിൽ പോലും അവർ വിമുഖരായിരുന്നു. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും സമുദായം മുങ്ങിനിന്നിരുന്നു.

സമുദായത്തിൻെറ ശോചനീയമായ ഈ നിലകണ്ടു ഹൃദയം നൊന്ത മൗലവിസാഹിബ് അതിൽനിന്നു സ്വസമുദായത്തെ മോചിപ്പിക്കുക തൻെറ പ്രഥമകർത്തവ്യമായികണ്ടു. അതുകൊണ്ടാണ് അദ്ദേഹത്തിൻെറ പ്രവർത്തനം ഏറിയ പങ്കും സ്വസമുദായത്തിൻെറ പരിധിക്കുള്ളിൽ ഒതുങ്ങിനിന്നത്. കേരളത്തിൽ എല്ലാ സമുദായങ്ങളുടെയും ചരിത്രം എതാണ്ടിങ്ങനെതന്നെയാണെന്നു നാം ഓർക്കണം. ഈഴവരുടെയും, നായൻമാരുടെയും, പുലയരുടെയും ഒക്കെ ഇടയിൽ വളർന്നുവന്ന പ്രസ്ഥാനങ്ങളുടെ ചരിത്രം അതാണല്ലോ കാണിക്കുന്നത്.

മൗലവിയുടെ പൊതുപ്രവർത്തനത്തിൻെറ വലിയൊരു ഭാഗത്തെ അപഹരിച്ചത് പത്രപ്രവർത്തനം തന്നെയായിരുന്നു. രാജ്യത്തെ പൊതുകാര്യങ്ങളെപ്പററി പ്രതിപാദിപ്പിക്കാനാണ് അദ്ദേഹം "സ്വദേശാഭിമാനി" ആരംഭിച്ചത്. അതു രാമകൃഷ്ണപിള്ളയെ ഏൽപിച്ചശേഷം അദ്ദേഹത്തിൻെറശ്രദ്ധ സ്വസമുദായത്തിലേക്കുതിരിഞ്ഞു. 1906-ൽ "മുസ്ലിം" എന്നൊരു മാസിക തുടങ്ങി. മുസ്ലിമിങ്ങൾക്കിടയിൽ കൂടുതൽ വിദ്യാഭ്യാസം പ്രചരിക്കേണ്ടതിൻെറ ആവശ്യകതയും, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വെടിയേണ്ട

ആവശ്യവും, സമുദായാംഗങ്ങരം അറിഞ്ഞിരിക്കേണ്ട പ്രയോജനകരമായ മററുപല കാര്യങ്ങളുമാണ് മാസികയിൽ പ്രതിപാദിച്ചിരുന്നത്.

10 വർഷങ്ങരംക്കുശേഷം 1916-ൽ അദ്ദേഹം മറൊരു പത്രംകൂടി തുടങ്ങി. "അൽഇസ്ലാം" എന്നായിരുന്നു അതിൻെറ പേർ. ഈ മാസിക അറബി മലയാള ലിപികളിൽ-അറബു മലയാളത്തിലാണ് അടിച്ചിറക്കിയിരുന്നതെന്നാണ് അതിൻെറ പ്രത്യേകത. അറബി മലയാളലിപി അച്ചടിക്കാൻ ലിത്തൊ പ്രസ്സ്തന്നെ വേണ്ടിയിരുന്നു. ഈ മാസിക തുടങ്ങുന്നതിനായി മാത്രം അദ്ദേഹം ലിത്തൊപ്രസ്സുവരുത്തി എന്നറിയുമ്പോരം എന്തുമാത്രം സാഹസികതയാണ് അദ്ദേഹത്തിൻെറ ഓരോ പ്രവൃത്തിക്കുപിന്നിലും ഉണ്ടായിരുന്നതെന്നു നമുക്കുകാണാം.

ഒരു സമുദായത്തിലെ പുരുഷൻമാർമാത്രം എഴുത്തുപഠിച്ചാൽ പോരാ. തൊട്ടിലാട്ടുകയും താരാട്ടുപാടുകയും ചെയ്യുന്ന കൈകളാണ് ഭാവിയെ രൂപപ്പെടുത്തുന്നതെന്നു മൗലവിക്കു അറിയാമായിരുന്നു. സ്ത്രീകളുടെ ഇടയിൽ ആശയപ്രചാരണത്തിനു നല്ല മലയാള ഭാഷ പോലും പോരാ, അവർക്കു സുപരിചിതമായിരുന്ന അറബി മലയാളമാണ് അതിനു ഏററവും പററിയതെന്നു മനസ്സിലാക്കിയാണ് അബ്ദുരംഖാദർ മൗലവി അറബി മലയാളത്തിൽ ഒരു പത്രം തുടങ്ങിയത്. പരിഷ്കരണ തൃഷ്ണയോടൊപ്പം എന്തുമാത്രം പ്രായോഗിക ബുദ്ധി എന്നുകൂടിനോക്കുക.

പത്രപ്രവർത്തനംകൊണ്ടു മാത്രം തൃപ്തിപ്പെടാതെ സംഘടനാ പ്രവർത്തനത്തിലും അദ്ദേഹം ശ്രദ്ധിച്ചു. "തിരുവിതാംകൂർ മുസ്ലിം മഹാജനസഭ"യുടെയും

‘‘ചിറയിൻകീഴ് താലൂക്ക് മുസ്ലിം സമാജ’’ത്തിൻേറയും രൂപീകരണത്തിൽ അദ്ദേഹത്തിൻെറ കൈ ഉണ്ടായിരുന്നു. ഇവയുടെയും അതുപോലെതന്നെ കൊടുങ്ങല്ലൂരിലെ ‘‘മുസ്ലിം ഐക്യസംഘ’’ത്തിൻെറയും, ആലപ്പുഴയിലെ ‘‘ലജ്നത്തുൽ മുഹമ്മദീയ’’തുടങ്ങിയ മററുപ്രാദേശിക മുസ്ലിം സംഘടനകളുടെയും വാർഷികയോഗങ്ങളിൽ അദ്ദേഹം പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്.

ഇസ്ലാമിക ഗ്രന്ഥങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടിയ ഒരു മതപണ്ഡിതനായിരുന്നു മൗലവി. അതേ സമയം മററു മതസ്ഥരുടെ നേരെ വിശാലമായ സഹിഷ്ണുതയും അദ്ദേഹം പുലർത്തിപ്പോന്നു. നായന്മാരിലും ഈഴവരിലും അനേകം ഉററസുഹൃത്തുക്കൾ അദ്ദേഹത്തിനുണ്ടായിരുന്നു.

മൂന്നുദശാബ്ദകാലത്തെ നിസ്തന്ദ്രമായ പൊതുജീവിതത്തിൽ പിതൃദത്തമായിരുന്ന വിപുലമായ സ്വത്തു അദ്ദേഹത്തിനു മുക്കാലും നഷ്ടപ്പെട്ടു. മരിക്കുന്നകാലത്തു വലിയ ഒരു കടമാണ് അവശേഷിച്ചിരുന്നത്. എങ്കിലും ധന്യമായ ഒരു ജീവിതം നയിച്ചതിൻെറ ആത്മസംതൃപ്തി അദ്ദേഹത്തിൻെറ അമൂല്യമായ ഹൃദയസ്വത്തായിരുന്നു.

ഇങ്ങനെയുള്ള ഒരു മഹാപുരുഷൻെറ ജീവിതത്തെയും ചെയ്തികളെയും കുറിച്ചു നാം തീർച്ചയായും കൂടുതൽ അറിയേണ്ടതാണ്. അതിനുപററിയവിധം ഹാജി എം. മുഹമ്മദുക്കണ്ണു സാഹിബിൻെറ ഒരുജീവചരിത്രം ഇതിനകം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഈ

പുസ്തകത്തിലാകട്ടെ അബ്ദുറഹ്മാൻ മൗലവിയുടെ ഏതാനും ലേഖനങ്ങളും പ്രഭാഷണങ്ങളും സമാഹരിച്ചിരിക്കുകയാണ്. കൂട്ടത്തിൽ അദ്ദേഹത്തിൻെറ ഏതാനും സ്നേഹിതന്മാരുടെ അനുസ്മരണങ്ങളുമുണ്ട്. എന്തുകൊണ്ടും വളരെ ആവശ്യവും സമയോചിതവുമായ ഒരു പുസ്തകമാണിതെന്നു പറയുവാൻ എനിക്കു അശേഷം മടിയില്ല. സന്തോഷപൂർവ്വം ഇതിനെ ഞാൻ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**സി. അച്ചുതമേനോൻ**

തൃശൂർ,
7—10—1982.